**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5071** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഹൈടെക്ക് കൃഷിരീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹൈടെക്ക് കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം സംരക്ഷിത കൃഷി ഘടകത്തിൽ ഉൾപ്പെടുത്തി നാച്ചുറലി വെന്റിലേറ്റഡ് ഗ്രീൻ ഹൗസ് സ്ഥാപിക്കുന്നതിന് ചതുരശ്ര മീറ്ററിന് 530 രൂപ നിരക്കിലും കൃഷിയിടങ്ങളിൽ മൾച്ചിംഗ് ഷീറ്റ് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 16,000 രൂപയും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ധനസഹായം നൽകി വരുന്നു. കൂടാതെ കേടുപാടുകൾ സംഭവിച്ച പോളീഹൗസുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് ഹൈടെക് കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജനയിൽ 'പെർ ഡ്രോപ് മോർ ക്രോപ്പ് ' പദ്ധതി നടപ്പിലാക്കി വരുന്നു. കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചന സംവിധാനം നടപ്പിലാക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. സൂക്ഷ്മ ജലസേചന സംവിധാനം സ്ഥാപിക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി ചെലവിന്റെ അനുവദനീയമായ തുകയുടെ 55 ശതമാനവും മറ്റുള്ള കർഷകർക്ക് 45 ശതമാനവും സാമ്പത്തിക ആനുകൂല്യം ഈ പദ്ധതിയിൽ നൽകുന്നു. ഇതു കൂടാതെ പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 25 ശതമാനം ടോപ് അപ്പ് സബ്സിഡിയായി സംസ്ഥാന സർക്കാർ അധിക വിഹിതമായി ഇതോടൊപ്പം കർഷകർക്ക് നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 5 ഹെക്ടർ സ്ഥലത്തെ കൃഷിക്കു മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. കണിക ജലസേചനത്തിനും സ്പ്രിംഗ്ളർ |

| | | | |
|---|---|---|---|
| | | | ജലസേചനത്തിനുമാണ് ഈ പദ്ധതിയിലൂടെ സബ്സിഡി നൽകുന്നത്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സമേതി (SAMETI – സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റെൻഷൻ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്) – നെ ഹൈടെക് പരിശീലന കേന്ദ്രമായി വികസിപ്പിച്ച് ഹൈടെക് കൃഷി രീതിയുടെ സാങ്കേതികവിദ്യ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇവിടെ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ വഴി ഈ മേഖലയിൽ ഏർപ്പെടുന്ന കർഷകർക്ക് നവീന സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതാണ്. കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പരിശീലന കേന്ദ്രങ്ങൾ വഴി ഹൈടെക് കൃഷി രീതികളുടെ സാങ്കേതിക വിദ്യകളെ പറ്റിയുള്ള പരിശീലനങ്ങൾ കർഷകർക്ക് നേരിട്ടു നൽകുന്നു. |

സെക്ഷൻ ഓഫീസർ